# പതിമൂന്നാം കേരള നിയമസഭ
**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി VIII
## (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**നാലാമത് റിപ്പോർട്ട്**
**(2014-2015)**

**FOURTH REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2014-2015)**

2014 .........................-ാം തീയതി സമർപ്പിച്ചത്

(Presented on............................. 2014 )

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VIII

**(SUBJECT COMMITTEE VIII)**

## സാമ്പത്തിക കാര്യങ്ങൾ

**(ECONOMIC AFFAIRS)**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്

(2014-2015)

FOURTH REPORT
ON
THE SCRUTINY OF DEMANDS FOR GRANTS

(2014-2015)

480/2014.

## ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

" കോവൂർ കുഞ്ഞുമോൻ

" മുല്ലക്കര രത്നാകരൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. വി. ഡി. സതീശൻ

ഡോ. ടി. എം. തോമസ് ഐസക്

ശ്രീ. പി. ഉബൈദുള്ള

" എം. പി. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

" എം. കെ. സുരേന്ദ്രലാൽ, ജോയിന്റ് സെക്രട്ടറി

" തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

## അവതാരിക

2014-2015 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വിഷയനിർണ്ണയ സമിതി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2014 ഫെബ്രുവരി 18, 25 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XLIII—നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും

ധനാഭ്യർത്ഥന നമ്പർ XLV—പലവക വായ്പകളും മുൻകൂറുകളും

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

2014 മാർച്ച് മാസം 10-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. എം. മാണി,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി VIII.*

തിരുവനന്തപുരം,
2014 മാർച്ച് 10.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായനികുതിയും വിൽപ്പന നികുതിയും

വോട്ട് ചെയ്തത് : 22910.1 ലക്ഷം രൂപ

ചാർജ് ചെയ്തത് : 25 ലക്ഷം രൂപ

2040-00-101-99-04(4)—ലാ ആഫീസർ—യാത്രാചെലവുകൾ—അവധി യാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—17,000 രൂപ

1. 2013-14 സാമ്പത്തിക വർഷം അവധിയാത്രാനുകൂല്യം നൽകുന്നതിനായി ഇതുവരെയുള്ള ചെലവ് 54,000 രൂപയാണ്. ഇപ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ച തുക തുലോം കുറവായതിനാൽ 56,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-05-(1)—വാണിജ്യ നികുതി ആഫീസുകൾ—ഓഫീസ് ചെലവുകൾ—വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—5.32 ലക്ഷം രൂപ

2. 2013-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലായെന്നും ഇതുവരെ വെള്ളക്കരം ഇനത്തിൽ 6,76,044 രൂപ ചെലവായെന്നും സമിതി മനസ്സിലാക്കുന്നു. 2014-15-ൽ അനുവദിച്ച തുക തുലോം കുറവായതിനാൽ 7.18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-04-(2)—യാത്രാ ചെലവുകൾ—സ്ഥലംമാറ്റ ബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—4 ലക്ഷം രൂപ

3. ഈ ശീർഷകത്തിൽ ഇതുവരെ 8,29,160 രൂപ ചെലവായതിനാലും ചെലവ് ഇനിയും വർദ്ധിക്കാൻ സാധ്യതയുള്ളതുകൊണ്ടും സ്ഥലംമാറ്റ ബത്ത ഇനത്തിൽ 12.8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-05 (2)—ഓഫീസ് ചെലവുകൾ—വൈദ്യുത ചെലവ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—172.8 ലക്ഷം രൂപ

4. 2013-14 സാമ്പത്തിക വർഷത്തിൽ ഇതുവരെയുള്ള വൈദ്യുതി ചെലവ് 49,93,083 രൂപയാണ്. 2014-15-ൽ വൈദ്യുതി ചെലവ് കൂടുവാൻ സാധ്യതയുള്ളതിനാലും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാലും 37.2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-21(2)—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—62.1 ലക്ഷം രൂപ

5. 2013-14 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയിൽ കൂടുതൽ ചെലവ് വന്നതിനാലും ഇതുവരെ 66,74,708 രൂപ ചെലവായതിനാലും ചെലവ് ഇനിയും വർദ്ധിക്കാൻ സാധ്യതയുള്ളതിനാലും ഈ ശീർഷകത്തിൽ 27 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-01(4)—ശമ്പളം—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—49.5 ലക്ഷം രൂപ

6. 2013-14 സാമ്പത്തിക വർഷത്തിൽ ഇതുവരെ 54,94,823 രൂപ ഈ ഇനത്തിൽ ചെലവായിട്ടുള്ളതിനാലും ചെലവ് വർദ്ധിക്കാൻ സാധ്യതയുള്ളതിനാലും 23.77 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-02—വേതനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—339.2 ലക്ഷം രൂപ

7. 2013-14 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ ഇതുവരെ 3,00,92,483 രൂപ ചെലവായതിനാലും ഇനിയും കൂടുതൽ തുക ഈ ശീർഷകത്തിൽനിന്നും ചെലവാകുവാൻ സാധ്യതയുള്ളതിനാലും 22.82 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—273.6 ലക്ഷം രൂപ

8. 2013-14 സാമ്പത്തിക വർഷം അനുവദിച്ച തുക തികയാത്തതിനാൽ 25 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരിക്കുകയാണെന്നും ഈ ശീർഷകത്തിൽ ഇതുവരെ 2,15,95,100 രൂപ ചെലവായതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 85.4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-94-19—കമ്പ്യൂട്ടർവൽക്കരണം—യന്ത്രോപകരണങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—380 ലക്ഷം രൂപ

9. 2013-14 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക തികയാത്തതിനാൽ 23 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരിക്കുന്നതിനാലും ഇതുവരെ ഈ ഇനത്തിൽ 3,59,93,810 രൂപ ചെലവായതിനാലും ഇനിയും കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാലും ഇപ്പോൾ ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ 200 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-94-02—വേതനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—60 ലക്ഷം രൂപ

10. 2013-14 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതുവരെയുള്ള ചെലവ് 45,85,000 രൂപയാണ്. 2014-15 സാമ്പത്തിക വർഷം ഈ ഇനത്തിൽ ചെലവ് വർദ്ധിക്കാൻ സാധ്യതയുള്ളതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-75-16—വാണിജ്യനികുതി വകുപ്പ്—വൻകിട മരാമത്ത് പണികൾ (ധനാഭ്യർത്ഥന നമ്പർ XV)

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—1,000 രൂപ

പദ്ധതി : ഇല്ല

11. കണ്ണൂരിൽ പുതിയ വാണിജ്യനികുതി കാര്യാലയം, വാളയാറിൽ നിലവിലുള്ള സംവിധാനത്തിൽ സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണം, മഞ്ചേശ്വരം സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണം, മുത്തങ്ങ, വഴിക്കടവ്, ആര്യങ്കാവ് എന്നിവിടങ്ങളിൽ വെയ്ബ്രിഡ്ജുകളോടുകൂടിയ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ, പെർള ചെക്ക് പോസ്റ്റിൽ വെയിംഗ് ബ്രിഡ്ജും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന്, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ അനുബന്ധ ഓഫീസ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് വയനാട്ടിൽ പുതിയ ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് എന്നീ പദ്ധതി പ്രവർത്തനങ്ങൾക്കായി 15 കോടി രൂപയും 4475 ലക്ഷം രൂപ നോൺ പ്ലാൻ ഇനത്തിലും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-800-98—കച്ചവടക്കാരുടെ ക്ഷേമ പദ്ധതി

36—സഹായധനം—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—100 ലക്ഷം രൂപ

12. വ്യാപാരി ക്ഷേമ ബോർഡിൽ 60 വയസ്സ് കഴിഞ്ഞതും തുടർച്ചയായി 10 വർഷം പുതുക്കിയിട്ടുള്ളതും കച്ചവട ലൈസൻസ് ഉള്ളവർക്കും അവരുടെ മെമ്പർഷിപ്പ് ക്ലാസിനനുസരിച്ച് പെൻഷൻ നൽകിവരുന്നു. 1-4-2013-ൽ സി, ഡി ക്ലാസുകളിൽ യഥാക്രമം 100 രൂപ, 250 രൂപ വർദ്ധനവ് പെൻഷനിൽ വരുത്തിയത് 2014-15 കാലയളവിൽ നൽകേണ്ടിവരുന്നതിനാൽ 700 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2045-00-103-99-01—സംഭരണ ചെലവുകൾ ഇലക്ട്രിസിറ്റി ഡ്യൂട്ടി—ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്—ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—2008.21 ലക്ഷം രൂപ

13. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ക്ഷാമബത്ത വർദ്ധിപ്പിച്ച സാഹചര്യത്തിൽ ശമ്പളയിനത്തിൽ അധികം ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

വോട്ട് ചെയ്തത് : 17158.78 ലക്ഷം രൂപ

ചാർജ് ചെയ്തത് : 1 ലക്ഷം രൂപ

2030-03-001-99—രജിസ്ട്രേഷൻ—നടത്തിപ്പും ഭരണവും—ഭരണം—21 (1) മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

14. രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറലിന്റെയും തൃശൂർ ഡി.ഐ.ജി.യുടെയും കണ്ടം ചെയ്ത വാഹനങ്ങൾക്കുപകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 16 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34—മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—8,000 രൂപ

15. രജിസ്ട്രേഷൻ വകുപ്പിന്റെ 150-ാം വാർഷികം ആഘോഷിക്കുന്നതോടൊപ്പം സെമിനാറുകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നതിനായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-96—ജില്ലാ ഓഫീസുകൾ

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—11 ലക്ഷം രൂപ

16. എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട മൂന്ന് രജിസ്ട്രാർ ഓഫീസുകൾ കൊച്ചി മെട്രോ റെയിൽ നിർമ്മാണത്തിനായി ഒഴിയേണ്ടിവരുന്നതിനാൽ പുതിയ വാടക കെട്ടിടങ്ങളുടെ വാടക കൊടുക്കുന്നതിലേക്ക് അധികം തുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 12 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-95-05-3—സബ്‌രജിസ്ട്രി ഓഫീസുകൾ—ഓഫീസ് ചെലവുകൾ—ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—11.02 ലക്ഷം രൂപ

17. സബ് രജിസ്ട്രാർ ഓഫീസുകളിലെ ടെലിഫോൺ ചാർജ്ജിനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 3 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-94-05-4—കമ്പ്യൂട്ടർവൽകൃത റിപ്പോർട്ടിംഗ് സിസ്റ്റം ഏർപ്പെടുത്തൽ—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—175 ലക്ഷം രൂപ

18. കേരളത്തിലെ സബ്‍രജിസ്ട്രാർ ഓഫീസുകളിൽ നിന്നുള്ള കമ്പ്യൂട്ടർ മുഖാന്തിരമുള്ള സേവനങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ ആയതിലേക്കാവശ്യമായ 'കമ്പ്യൂട്ടർ കൺസ്യൂമബിൾസ്' വാങ്ങുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്ത മായതിനാൽ അധികമായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-90—രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവല്ക്കരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—110 ലക്ഷം രൂപ

19. എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം കേന്ദ്രമാക്കി രജിസ്ട്രേഷൻ വകുപ്പിന് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-01-102-99—മുദ്രപ്പത്ര വില്പനച്ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—119 ലക്ഷം രൂപ

20. മുദ്രപ്പത്രങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് അനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 21979.57 ലക്ഷം രൂപ |
| ചാർജ് ചെയ്തത് | : | 10 ലക്ഷം രൂപ |

2039-00-001-95—മദ്യാസക്തിക്കെതിരായ പ്രചരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—60 ലക്ഷം രൂപ

21. സമൂഹത്തിൽ മദ്യാസക്തി വളരെയധികം കൂടിവരുന്ന ഈ സാഹചര്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യം സമിതി മനസ്സിലാക്കുന്നു. കേരളീയ സമൂഹത്തിലെ വർദ്ധിച്ചുവരുന്ന കടുത്ത മദ്യാസക്തിയും അതിന്റെ സാമൂഹിക പ്രത്യാഘാതങ്ങളും കണക്കിലെടുത്തുകൊണ്ട്, ലഹരിവിരുദ്ധ ക്ലബ്ബുകൾ, കെ.എസ്.ആർ.ടി.സി. ബസുകളിലെ ലഹരിവിരുദ്ധ പരസ്യങ്ങൾ, റെയിൽവേ-ബസ് സ്റ്റേഷനുകളിലെ ലഹരിവിരുദ്ധ സന്ദേശങ്ങൾ, അനൗൺസ്മെന്റുകൾ, വിവിധ മാധ്യമങ്ങൾ മുഖേനയുള്ള ഇത്തരം പരസ്യങ്ങൾ, ലഹരിവിരുദ്ധ

പ്രചാരണത്തിനായി ടെലിഫിലിമുകൾ, കുടുംബശ്രീ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എൻ.എസ്.എസ്. മുതലായ ഏജൻസികൾ മുഖേനയുള്ള പ്രചരണം, ഓരോ ജില്ല കൾക്കും പ്രവർത്തനഫണ്ടുകൾ, കോളനികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി പ്രത്യേക ജില്ലാതല പ്രവർത്തനഫണ്ടുകൾ, അട്ടപ്പാടി, വയനാട് മേഖലകളിലെ ബോധവൽക്കരണവുമായി ബന്ധപ്പെട്ട പ്രത്യേക പ്രവർത്തനഫണ്ടുകൾ, സർക്കാർ ഓഫീസുകൾ മുതലായ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനായുള്ള ബോധവൽക്കരണ സ്റ്റിക്കറുകൾ, മറ്റിനങ്ങൾ തുടങ്ങിയ സമഗ്രമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുവാൻ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-15—മേൽനോട്ടം—രഹസ്യ സേവന ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—7 ലക്ഷം രൂപ

22. എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി രഹസ്യാന്വേഷണം നടത്തുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനും വളരെയധികം ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 20631.29 ലക്ഷം രൂപ |
| ചാർജ് ചെയ്തത് | : | ഇല്ല |

2054-00-098-99—ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
04(1)—യാത്രാചെലവുകൾ—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—143 ലക്ഷം രൂപ

23. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ യാത്രാബത്തയിനത്തിലെ ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. 14 ജില്ലാ കാര്യാലയങ്ങളിലും മറ്റു പല ഓഡിറ്റ് ഓഫീസുകളിലും 2013-14-ലെ കുടിശ്ശിക നൽകാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—5 ലക്ഷം രൂപ

24. ജില്ലാ കാര്യാലയങ്ങളിലേക്കായി 14 പുതിയ വാഹനങ്ങൾ അനുവദിച്ചിട്ടുള്ളതിനാൽ ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

വോട്ട് ചെയ്തത് : 45166.07 ലക്ഷം രൂപ

ചാർജ് ചെയ്തത് : 104.94 ലക്ഷം രൂപ

2047-00-103-99—ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറുടെ ഓഫീസ്

01-(1)—ശമ്പളം—ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—162.24 ലക്ഷം രൂപ

25. ദേശീയ സമ്പാദ്യ പദ്ധതിയിൽ ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് പ്രസ്തുത ശീർഷകത്തിൽ 16.68 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02—വേതനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—3.06 ലക്ഷം രൂപ

26. ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ്, ദിവസവേതന ജീവനക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നിവമൂലമുണ്ടാകുന്ന അധികചെലവിനായി 42,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-4—യാത്രാചെലവുകൾ—അവധി യാത്രാനുകൂല്യം

പദ്ധതിയേതര വിഹിതം : 2.49 ലക്ഷം രൂപ

27. അവധി യാത്രാനുകൂല്യം നൽകുന്നതിന് ബഡ്ജറ്റിൽ ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 85,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—9.18 ലക്ഷം രൂപ

28. ഡയറക്ടറേറ്റിലേയും 14 ജില്ലാ ഓഫീസുകളിലേയും വെള്ളം, വൈദ്യുതി, ടെലിഫോൺ, കമ്പ്യൂട്ടർ, സ്റ്റേഷനറി, മറ്റു ചെലവുകൾ എന്നിവയ്ക്കായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 1.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—5 ലക്ഷം രൂപ

29. ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറേറ്റിന്റെ വാടക പുതുക്കി നിശ്ചയിക്കണമെന്ന് തിരുവനന്തപുരം കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

08—പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—20 ലക്ഷം രൂപ

30. ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രധാന പ്രചരണ ഉപാധിയായ വാലറ്റ് ഡയറി പുറത്തിറക്കുന്നതിനായി അധിക തുക ആവശ്യമാണ്. ആയതിനായി 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—4 ലക്ഷം രൂപ

31. ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറേറ്റിലെ 2 വാഹനങ്ങൾ കണ്ടം ചെയ്തെങ്കിലും ഒരു വാഹനം മാത്രമേ പുതുതായി വാങ്ങിയിട്ടുള്ളൂ. ആയതിനാൽ ഒരു പുതിയ വാഹനംകൂടി വാങ്ങുന്നതിനായി 10.8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ

പദ്ധതിയേതര വിഹിതം : 55 ലക്ഷം രൂപ

32. നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ ക്ഷേമനിധിയിൽ സർക്കാർവിഹിതം നൽകുന്നതിന് ഇപ്പോൾ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 10 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99—വിവരസാങ്കേതികവിദ്യ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—1,000 രൂപ

33. ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 9.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-98—കളക്ടറാഫീസ്

01—ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—60.34 ലക്ഷം രൂപ

34. കളക്ടറേറ്റിൽ ക്ഷാമബത്തയിൽ വർദ്ധനവുണ്ടാകുന്നതിനാൽ 01—ശമ്പളം ഇനത്തിൽ 9.01 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-(4)—യാത്രാചെലവുകൾ—അവധി യാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—5,000 രൂപ

35. അവധി യാത്രാനുകൂല്യം നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-96—ജില്ലാ ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—338.45 ലക്ഷം രൂപ

01—ശമ്പളം

02—വേതനം

04—യാത്രാ ചെലവുകൾ

36. ജില്ലാ ഓഫീസുകളിൽ ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് കൊടുത്തു തീർക്കുന്നതിനായി 01—ശമ്പളയിനത്തിൽ 34.81 ലക്ഷം രൂപയും താൽക്കാലിക ജീവനക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവും പാർട്ട് ടൈം ജീവനക്കാരുടെ ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവുംമൂലമുണ്ടാകുന്ന ചെലവിന് 85,000 രൂപ 02—വേതനം ഇനത്തിലും അവധി യാത്രാനുകൂല്യം നൽകുന്നതിന് 04—യാത്രാ ചെലവുകൾ ഇനത്തിൽ 5.5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധികസേവനത്തിന് നൽകുന്ന പ്രതിഫലം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—100 കോടി രൂപ

37. ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് പ്രതിഫലം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്നും 10/2013 മുതലുള്ള തുക കുടിശ്ശികയായുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 4400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-86—ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്ക് ഭവന പദ്ധതി

ബഡ്ജറ്റ് വിഹിതം : ഇല്ല

38. 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് ഭവനവായ്പ നൽകാൻ 50 ലക്ഷം രൂപ നീക്കിവയ്ക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും കഴിഞ്ഞ ബഡ്ജറ്റിൽ ഈ ഇനത്തിൽ ഒരു ശീർഷകം അനുവദിക്കുകയോ തുക വകയിരുത്തുകയോ ചെയ്തിരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഭവന വായ്പയ്ക്കായി അപേക്ഷിച്ചിട്ടുള്ള 472 ഏജന്റുമാർക്ക് സബ്സിഡി നൽകുന്നതിനായി 472 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

വോട്ട് ചെയ്തത് : 1438071.47 ലക്ഷം രൂപ

ചാർജ് ചെയ്തത് : 2399.65 ലക്ഷം രൂപ

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—92.57 ലക്ഷം രൂപ

39. നിലവിലുള്ള ഹജ്ജ് ഹൗസിനോട് അനുബന്ധിച്ച് വനിതാ തീർത്ഥാടകർക്ക് പ്രാഥമിക സൗകര്യങ്ങൾക്കും വിശ്രമത്തിനുമായി ടോയ്‍ലെറ്റുകളും ഡോർമെറ്ററിയും പണിയുന്നതിന് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-98—സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെ കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—1200 കോടി രൂപ

40. 2013 സെപ്റ്റംബറിനുശേഷം ലോട്ടറി വിറ്റുവരവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായും വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവ് ഉണ്ടാകുമെന്നും സമിതി മനസ്സിലാക്കുന്നു. 5500 കോടി രൂപ വിറ്റുവരവ് പ്രതീക്ഷിക്കുന്ന 2014-15-ൽ ഈ ഇനത്തിൽ ഏകദേശം 1815 കോടി രൂപ പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 615 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

97—സമ്മാനദാനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—1360 കോടി രൂപ

41. മുൻവർഷങ്ങളിലെ വിറ്റുവരവിനേക്കാൾ കൂടുതൽ ഈ വർഷം പ്രതീക്ഷിക്കുന്നതിനാലും അതിന് ആനുപാതികമായി ചെലവിൽ വർദ്ധനവുണ്ടാകുമെന്നതിനാലും ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ 840 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

95—കാരുണ്യ ലോട്ടറിയിൽനിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽകൂട്ടൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—150 കോടി രൂപ

42. കാരുണ്യ ചികിത്സാ സഹായ ഫണ്ടിലേക്ക് ലഭിക്കുന്ന അപേക്ഷകരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നതിനാലും നടപ്പുവർഷം ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാലും 325 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-94—സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്

02—വേതനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—1.19 ലക്ഷം രൂപ

43. നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ജോലി നോക്കുന്നവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യപ്തമായതിനാൽ 10.81 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—6.84 ലക്ഷം രൂപ

44. ഓഫീസ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6.16 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34—മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—10 ലക്ഷം രൂപ

45. 2014-15-ലെ ബഡ്ജറ്റ് പരാമർശമനുസരിച്ച് 11 പുതിയ താലൂക്ക് ഓഫീസുകൾ ആരംഭിക്കുന്നതിനും ഭാഗ്യക്കുറി വകുപ്പിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനീകരിക്കുന്നതിനുമായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-93—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ

02—വേതനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—62.84 ലക്ഷം രൂപ

46. വിവിധ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ജോലിചെയ്യുന്ന 150-ഓളം ദിവസവേതനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിലേക്കായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-92—സംസ്ഥാന ഭാഗ്യക്കുറിയുടെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—26 ലക്ഷം രൂപ

47. കഴിഞ്ഞ സാമ്പത്തിക വർഷം 35 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവായതിന് ആനുപാതികമായി ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-91—താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—63.47 ലക്ഷം രൂപ

48. പുതുതായി ആരംഭിച്ചിട്ടുള്ള 3 താലൂക്ക് ഓഫീസുകളും ബഡ്ജറ്റ് പരാമർശ ത്തിലുൾപ്പെട്ട പുതിയ 11 താലൂക്ക് ഭാഗ്യക്കുറി ഓഫീസുകളുടെയും പ്രവർത്തന ചെലവിലേക്കായി 01—ശമ്പളം, 02—വേതനം, 04—യാത്രാചെലവുകൾ, 05—ഓഫീസ് ചെലവുകൾ, 06—വാടക, കരം, നികുതി എന്നീ ശീർഷകങ്ങളിലായി ആകെ 2.32 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വർഷമാപിനികൾ സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

49. റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിൽ പുതുതായി വർഷമാപിനികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി പ്രത്യേക ശീർഷകം അനുവദിച്ച് 1,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-53—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—3.5 കോടി രൂപ

50. കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക മുഴുവൻ ഉപയോഗി ക്കുകയും പുതിയ സാമ്പത്തിക വർഷം ചെലവ് വർദ്ധിക്കാൻ സാധ്യതയുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും അധികമായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-54—സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതി നായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്ത തുക

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—20 കോടി രൂപ

51. പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ അധികമായി 100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-98—രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി—വിഹിതം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—1.6844 കോടി രൂപ

52. അക്കാഡമിക്ക് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും ഡീസൽ ATF-ലേക്ക് എഞ്ചിൻ മാറ്റുന്നതിനും എയർപോർട്ട് പെരിമീറ്റർ റോഡ് നിർമ്മിക്കുന്ന തിനും മിഗ് വിമാനം സ്ഥാപിക്കാൻ പ്ലാറ്റ്ഫോം പണിയുന്നതിനുമായി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ അധികമായി 7.18 കോടി രൂപ അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

2075-00-795-98—ഈടാക്കാൻ കഴിയാത്ത ഭവന വായ്പ എഴുതിത്തള്ളൽ—വീടുവായ്പ എഴുതിത്തള്ളൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—10 ലക്ഷം രൂപ

53. 2013-14 സാമ്പത്തിക വർഷം അനുവദിച്ചതിൽ കൂടുതൽ തുക ഇതിനകം ചെലവായിട്ടുള്ളതിനാൽ ബഡ്ജറ്റിൽ ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-795-93—ചികിത്സയ്ക്ക് നൽകുന്ന പലിശരഹിത വായ്പ എഴുതിത്തള്ളൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—7 ലക്ഷം രൂപ

54. നടപ്പുസാമ്പത്തിക വർഷത്തെ ചെലവ് ബജറ്റിൽ വകയിരുത്തിയ തുകയെക്കാൾ വളരെയധികമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLV—പലവക വായ്പകളും മുൻകൂറുകളും

വോട്ട് ചെയ്തത് : 21200.63 ലക്ഷം രൂപ

ചാർജ് ചെയ്തത് : ഇല്ല

7610-00-201-98—ഭവനനിർമ്മാണ വായ്പകൾ—സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥൻമാർ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—200 കോടി രൂപ

55. 2013-14 സാമ്പത്തിക വർഷത്തെ രണ്ടായിരത്തിലധികം പരിഗണിക്കാനുള്ള ഭവന വായ്പ അപേക്ഷകളും 2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വായ്പാ അപേക്ഷകളും ഒന്നിച്ച് പരിഗണിക്കേണ്ടിവരുന്നതിനാൽ ഈ ശീർഷകത്തിൽ അധികമായി 150 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7610-00-203-99—മറ്റ് വാഹനങ്ങൾ വാങ്ങുന്നതിനുള്ള മുൻകൂറുകൾ—ജനറൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—10 ലക്ഷം രൂപ

56. 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ നിരസിച്ച അപേക്ഷകളും 2014-15-ൽ പ്രതീക്ഷിക്കുന്ന അപേക്ഷകളും ഒന്നിച്ച് ടി സാമ്പത്തിക വർഷം പരിഗണിക്കേണ്ടിവരുന്നതിനാൽ ഈ ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് : 280307.63 ലക്ഷം രൂപ

ചാർജ് ചെയ്തത് : ഇല്ല

2235-60-110-99—സംസ്ഥാന ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റ്

05-2—ഓഫീസ് ചെലവുകൾ–വൈദ്യുത ചെലവ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—9.60 ലക്ഷം രൂപ

57. സെൻട്രലൈസ്ഡ് പേയ്മെന്റും താരിഫ് ചാർജിലുള്ള വർദ്ധനയുംമൂല മുണ്ടാകുന്ന അധികബാധ്യത കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 4.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-98-05-4—ജില്ലാ ഓഫീസുകൾ–ഓഫീസ് ചെലവുകൾ–മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—3.34 ലക്ഷം രൂപ

58. വാണിജ്യ സ്വഭാവമുള്ള വകുപ്പായതിനാൽ സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ചാർജ് ഈടാക്കുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ 1.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-98-06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—32 ലക്ഷം രൂപ

59. പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളവയുടെ നിരക്കുകളിലുള്ള വർദ്ധനവുമൂലം ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപയും ഹൗസിംഗ് ബോർഡ് ബിൽഡിംഗിൽ ഇൻഷുറൻസ് വകുപ്പിന്റെ ആസ്ഥാന കാര്യാലയം പ്രവർത്തിച്ചിരുന്നപ്പോഴുള്ള വാടകക്കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി 47.41 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-99—സംസ്ഥാന ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റ്

-21-1—മോട്ടോർ വാഹനങ്ങൾ–വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

60. ആസ്ഥാന കാര്യാലയത്തിലെ പഴയ വാഹനം മാറ്റുന്നതിനും ജില്ലാ ഓഫീസുകളിൽ വാഹന സൗകര്യം ലഭ്യമാക്കുന്നതിനുമായി 80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. എം. മാണി,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി VIII.*

തിരുവനന്തപുരം,
2014 മാർച്ച് 10.